LIBRARY ARCHIVES Kerala Legislative Assembly

ഇന്ദിര ആവാസ് യോജന

22 (1493) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ കൊടുവള്ളി ഗ്രാമപഞ്ചായത്തിൽ താമസിക്കുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട ജയ. വി. പി., വാരിക്കുഴി പുറായിൽ, മാനിപുരം പി.ഒ. എന്നയാൾക്ക് ഐ.എ.വൈ. പദ്ധതിയിൽപ്പെടുത്തി ഭവനനിർമ്മാണ ധനസഹായം അനുവദിച്ചിരുന്നുവോ ; എങ്കിൽ ഇവർ എത്ര രൂപയാണ് കൈപ്പറ്റിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) ഐ.എ.വൈ. പദ്ധതിയിൽ ഭവനനിർമ്മാണ ധനസഹായം അനുവദിക്കുന്നതിന് ഏതെല്ലാം ഘട്ടങ്ങളിൽ എത്ര രൂപ വീതമാണ് അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ?

(സി) ഈ കുടുംബത്തിന് ആകെ എത്ര രൂപയാണ് ധനസഹായമായി നൽകിയിട്ടുള്ളത് ;

(ഡി) ഇവരുടെ വീട് നിർമ്മാണം നിലവിൽ ഏത് ഘട്ടത്തിലാണ് ;

(ഇ) ഇവർക്ക് അനുവദിച്ച ഇക തിരിച്ചു പിടിക്കുന്നതിന് റവന്യൂ റിക്കവറി നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(എഫ്) ഈ കുടുംബത്തെ ജപ്തി നടപടികളിൽ നിന്നും ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കോഴിക്കോട് ജില്ലയിലെ കൊടുവള്ളി ഗ്രാമപഞ്ചായത്തിൽ താമസിക്കുന്ന ശ്രീമതി ജയ വി. പി., വാരിക്കുഴി പുറായിൽ, മാനിപുരം പി. ഒ., എന്നയാൾക്ക് ഐ.എ.വൈ. പദ്ധതി പ്രകാരം ഭവന നിർമ്മാണ ധനസഹായം അനുവദിച്ചിരുന്നു. ടി. ഗുണഭോക്താവ് മൂന്നു ഗഡുക്കളായി 60,550 രൂപ കൈപ്പറ്റിയിട്ടുണ്ട്.

(ബി) ബേസ്മെന്റിന് അഡ്വാൻസായി 20,000 രൂപയും ബേസ്മെന്റ് പണി പൂർത്തീകരിക്കുന്നതിന് 15,000 രൂപയും ഭിത്തി പണിയുന്നതിനുള്ള അഡ്വാൻസായി 25,550 രൂപയും നൽകിയിട്ടുണ്ട്.

(സി) ആകെ 60,550 രൂപ നൽകിയിട്ടുണ്ട്.

(ഡി) ബേസ്മെന്റ് പണി പൂർത്തിയാക്കിയിട്ടുണ്ട്.

(ഇ) ഉണ്ട്. 2008-09 ഐ.എ.വൈ ഗുണഭോക്താവായ ശ്രീമതി ജയ. വി. പി. മൂന്ന് ഗഡുക്കളായി 60,550 രൂപ കൈപ്പറ്റി അഞ്ചു വർഷം കഴിഞ്ഞിട്ടും ഭവന നിർമ്മാണം പൂർത്തീകരിക്കാത്തതിനാൽ കൈപ്പറ്റിയ തുക തിരിച്ചടക്കുകയോ ഭവന നിർമ്മാണം പൂർത്തീകരിക്കുകയോ ചെയ്യണമെന്ന് പല തവണ ആവശ്യപ്പെട്ടിട്ടും ഗുണഭോക്താവ് അതിനു തയ്യാറാകാത്തതിനാലാണ് റവന്യൂ റിക്കവറി നടപടിക്ക് ശുപാർശ ചെയ്തിട്ടുള്ളത്.

(എഫ്) ഇപ്പോൾ പരിഗണനയിലില്ല.

നാട്ടിക നിയോജക മണ്ഡലത്തിലെ പി.എം.ജി.എസ്.വൈ. പ്രവൃത്തികൾ

23 (1494) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാട്ടിക നിയോജക മണ്ഡലത്തിൽ പി. എം. ജി. എസ്. വൈ. പദ്ധതി പ്രകാരം നിർമ്മിച്ച റോഡുകൾ ഏതൊക്കെയാണ് ; ഉത്തരവിന്റെ പകർപ്പുകൾ സഹിതം വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ പൂർത്തിയായവ ഏതെല്ലാം; പൂർത്തികരിക്കുവാനുള്ളവ ഏതെല്ലാം; പി. എം. ജി. എസ്.വൈ. പ്രകാരമുള്ള പ്രവൃത്തികൾ ആരംഭിക്കാത്തവ ഏതെല്ലാം ; വിശദമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) നാട്ടിക നിയോജക മണ്ഡലത്തിലെ വലപ്പാട് ഗ്രാമപഞ്ചായത്തിൽപ്പെട്ട എടമുട്ടം നോർത്ത്-കോതകുളം വെസ്റ്റ് റോഡ് പി.എം.ജി.എസ്.വൈ പദ്ധതിയിൽ ഉൾപ്പെടുത്തി 23-9-2015-ൽ എഗ്രിമെന്റ് വെച്ചിട്ടുണ്ട്. ഭരണാനുമതിയുടെ പകർപ്പ് അനുബന്ധം ആയി ചേർത്തിരിക്കുന്നു.*

(ബി) മുകളിൽ പറഞ്ഞ പ്രവൃത്തി ആരംഭിക്കുന്നതിന് സ്ഥലം കൈമാറാൻ ഗ്രാമപഞ്ചായത്തിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. പ്രവൃത്തി ആരംഭിച്ചിട്ടില്ല.

(സി) സ്ഥലം കൈമാറാൻ ഗ്രാമപഞ്ചായത്തിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. സ്ഥലം കൈമാറിക്കിട്ടിയാലുടനെ തന്നെ പ്രവൃത്തി ആരംഭിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly